"ഇയാളൊന്ന് പോയി കിട്ടിയിരുന്നെങ്കിൽ..." ജോർജ് പല്ലുകൾ കടിച്ച് സ്വയം മന്ത്രിച്ചു. ആത്മഹത്യ ചെയ്യാൻ പോലും തനിക്ക് സ്വകാര്യത ലഭിക്കുന്നില്ലല്ലോ എന്നോർത്തപ്പോൾ അയാൾക്ക് അമർഷം തോന്നി. പണമുണ്ടായിരുന്നപ്പോൾ ആയിരങ്ങൾ ചുറ്റുമുണ്ടായിരുന്നു, എന്നാൽ ഇന്ന് മരിക്കാൻ പോലും ഈ കടൽത്തീരം പങ്കിടേണ്ടി വരുന്നു. ലോകത്തിലെ ഏറ്റവും വലിയ ഏകാന്തത അനുഭവപ്പെടുന്നത് ജനക്കൂട്ടത്തിന് നടുവിലല്ല, മറിച്ച് സ്വന്തം എന്ന് കരുതിയവർ നമ്മളെ അപരിചിതരായി കാണുമ്പോഴാണ് എന്ന് അയാൾ നൊമ്പരത്തോടെ മനസ്സിലാക്കി.


"സാറേ, നേരം ഒരുപാട് വൈകി. കടൽ ഇന്ന് പതിവിലും കൂടുതൽ ഇരമ്പുന്നുണ്ട്. അക്കരെയെങ്ങും വെളിച്ചമില്ല." ആ മുക്കുവന്റെ ശബ്ദത്തിൽ കരുണയുണ്ടായിരുന്നു. അതൊരു മുന്നറിയിപ്പായിരുന്നില്ല, മറിച്ച് മനം മടുത്ത് നിൽക്കുന്ന ഒരുവനോടുള്ള പ്രകൃതിയുടെ സാന്ത്വനമായിരുന്നു.

എന്നാൽ ജോർജ് മറുപടി പറയാതെ ദൂരേക്ക് നോക്കി. അയാളുടെ മനസ്സിൽ പഴയ ബിസിനസ്സ് മീറ്റിംഗുകളും, ലാഭനഷ്ടങ്ങളുടെ കണക്കുകളും, ഭാര്യയുടെയും മക്കളുടെയും ക്രൂരമായ വാക്കുകളും വീണ്ടും അലയടിച്ചു. "നിങ്ങളുടെ ഈ പരാജയം ഞങ്ങൾക്ക് നാണക്കേടാണ് പപ്പാ," എന്ന മൂത്ത മകന്റെ വാക്കുകൾ ഒരു ഈർച്ചവാളുപോലെ ഉള്ളിൽ മുറിവേൽപ്പിച്ചു. അവരെ മുകളിലേക്ക് വളർത്താൻ പപ്പാ എത്രമാത്രം കഷ്ടപ്പെട്ടിരുന്നു എന്ന് തന്റെ മക്കൾക്ക് അറിയുമായിരുന്നില്ല.

"ഇയാൾ പോയിക്കിട്ടട്ടെ... എന്നിട്ട് വേണം എനിക്ക് എന്റെ അവസാന യാത്ര തുടങ്ങാൻ," ജോർജ് മനസ്സിൽ ഉറപ്പിച്ചു. അയാൾ മണലിൽ ഇരുന്നു, ആ മുക്കുവൻ ഇരുട്ടിലേക്ക് മറയുന്നതും കാത്ത്.

തനിക്ക് എവിടെയാണ് തെറ്റിയത്? ചതിയും വഞ്ചനയും നിറഞ്ഞ ഈ ലോകത്ത്, താൻ വിശ്വസിച്ച് കൂടെ നിർത്തിയവരൊക്കെ തന്നെ ചതിക്കുകയാണെന്ന് മനസ്സിലാക്കാൻ ഏറെ വൈകി. കൂടെ ഭക്ഷണം കഴിച്ചവരും, കൈ കൊടുത്ത് കരാറുകളിൽ ഒപ്പിട്ടവരും അയാൾ തകർന്നപ്പോൾ ആദ്യം കല്ലെറിഞ്ഞവരായി മാറി. അയാൾക്കെല്ലാത്തിനോടും ദേഷ്യം തോന്നി, താനൊരു തികഞ്ഞ പരാജയം തന്നെ എന്ന് അയാൾ വീണ്ടും ഉറപ്പിച്ചു. ബിസിനസ്സിലെ ഗൂഢാലോചനകളും, സ്വന്തം വിശ്വസ്തരുടെ പിന്നിൽ നിന്നുള്ള കുത്തുകളും അയാളെ തളർത്തിയിരുന്നു. പരാജയപ്പെട്ടവന്റെ മുന്നിൽ ന്യായവാദങ്ങൾക്ക് പ്രസക്തിയില്ലെന്ന് അയാൾക്ക് അറിയാമായിരുന്നു.

പെട്ടെന്ന്, ദൂരെ നിന്ന് ഒരു പള്ളിമണിയുടെ നാദം കടൽക്കാറ്റിലൂടെ ഒഴുകിവന്നു. ആ ശബ്ദം അയാളുടെ ഉള്ളിലെ ആ പഴയ അൾത്താര ബാലനെ തൊട്ടുണർത്തുകയായിരുന്നു. അത് ഗ്രാമത്തിലെ പഴയ പള്ളിയിലെ മണിമുഴക്കം പോലെ തോന്നി. ഓർമ്മകൾ അവനെ ആ പഴയ കുഞ്ഞു വീട്ടിലേക്ക് കൂട്ടിക്കൊണ്ടുപോയി.



മൂന്ന് വയസ്സുള്ളപ്പോൾ അപ്പൻ നഷ്ടപ്പെട്ട ജോർജിന്, അമ്മയായിരുന്നു ലോകം. പള്ളിയിലെ അൾത്താര ബാലനായി വെള്ള വസ്ത്രം ധരിച്ച് അച്ചന്റെ പിന്നിൽ നിൽക്കുമ്പോൾ തന്റെ ജീവിതം ഇത്രമേൽ കളങ്കിതമാകുമെന്ന് അവൻ സ്വപ്നത്തിൽ പോലും കരുതിയിരുന്നില്ല. കുന്തിരിക്കത്തിന്റെ ഗന്ധവും അൾത്താരയിലെ മെഴുകുതിരി വെളിച്ചവുമായിരുന്നു അവന്റെ ആദ്യത്തെ ലോകം. പരിശുദ്ധമായ ആ പഴയ കാലം അയാളുടെ കണ്ണുകളെ ഈറനണിയിച്ചു. സ്കൂളിലെ ഓരോ വിജയവും അവൻ അമ്മയുടെ കാൽക്കൽ സമർപ്പിച്ചു. ആ പാവം സ്ത്രീയുടെ പ്രാർത്ഥനകളുടെ ഫലമെന്നോണം പള്ളിയിലെ ഒരു വലിയ മനുഷ്യൻ അവന്റെ



ഉപരിപഠനം ഏറ്റെടുത്തു. വിജയങ്ങൾ ഒന്നിനുപുറകെ ഒന്നായി വന്നപ്പോൾ, ജോർജ് ഗ്രാമത്തെയും ആ പള്ളിയെയും മറന്നുതുടങ്ങി. നഗരത്തിന്റെ പളപളപ്പും മൾട്ടി നാഷണൽ കമ്പനിയിലെ ഉയർന്ന ശമ്പളവും അവനെ ഒരു യന്ത്രമാക്കി മാറ്റി. ഓരോ പ്രമോഷനും കിട്ടുമ്പോൾ അവൻ അമ്മയ്ക്ക് പണം അയച്ചുകൊടുത്തു, പക്ഷേ കാണാൻ പോയില്ല.

സ്വന്തമായി ബിസിനസ്സ് തുടങ്ങിയതോടെ തിരക്കുകൾ പത്തിരട്ടിയായി. സമ്പന്നനായ ഒരു വ്യവസായിയുടെ മകളെ വിവാഹം കഴിച്ച്, നഗരത്തിലെ പ്രമുഖനായി മാറിയപ്പോൾ താൻ ജീവിതം കീഴടക്കി എന്ന് അവൻ അഹങ്കരിച്ചു. തന്റെ വേരുകൾ മണ്ണിലാണ് എന്ന സത്യം മറന്ന് അയാൾ ആകാശത്തോളം ഉയരാൻ ആഗ്രഹിച്ചു.


എന്നാൽ ആ വിജയത്തിനിടയിൽ അവൻ അമ്മയെ മറന്നുപോയി. പള്ളിമണിയുടെ നാദം കേൾക്കാത്ത, മെഴുകുതിരി വെളിച്ചമില്ലാത്ത നഗരത്തിലെ രാത്രികളിൽ അവൻ ആത്മാവിനെ വിറ്റു പണം സമ്പാദിച്ചു. ഒടുവിൽ അയൽക്കാരുടെ കൈകളിൽ കിടന്ന് ആ അമ്മ മരിക്കുമ്പോൾ, അന്ത്യകർമ്മങ്ങൾ ചെയ്യാൻ പോലും ജോർജ് എത്തിയില്ല. "അമ്മയ്ക്ക് സുഖമില്ല ജോർജ്, ഒന്ന് വരണം" എന്ന് ഇടവക വികാരി ഫോണിലൂടെ പറഞ്ഞപ്പോൾ, ഒരു പ്രധാനപ്പെട്ട മീറ്റിംഗിന്റെ തിരക്കിലായിരുന്നു അവൻ. ഒടുവിൽ അമ്മ മരിച്ച വാർത്തയറിഞ്ഞിട്ടും, ബിസിനസ്സിലെ പ്രതിസന്ധികൾ കാരണം അവൻ ഗ്രാമത്തിലേക്ക്

പോയില്ല. പള്ളിയിൽ പോകുന്നത് നിർത്തി, ദൈവത്തെയും വിശ്വാസത്തെയും അവൻ ബിസിനസ്സ് ഫയലുകൾക്കിടയിൽ കുഴിച്ചുമൂടി. ആ പാവം അമ്മയുടെ അവസാനത്തെ വിളി കേൾക്കാൻ ഈ മകന് കഴിഞ്ഞില്ല എന്ന ബോധം അയാളെ ആകെ പിടിച്ചുലച്ചു.

ഇന്ന് എല്ലാം തകർന്നിരിക്കുന്നു. ആഡംബരത്തിന്റെ ചുവരുകൾ ഇടിഞ്ഞുവീണു. പണവും പ്രതാപവും പോയപ്പോൾ മക്കളും ഭാര്യയും അവനെ വെറും പാഴ്വസ്തുവായി കണ്ടു. കടൽത്തീരത്ത് നിൽക്കുമ്പോൾ ജോർജ്ജ് ആ സത്യം തിരിച്ചറിഞ്ഞു—താൻ നേടിയതൊക്കെയും വെറും നിഴലുകളായിരുന്നു. സ്നേഹത്തിന്റെ തണലില്ലാത്ത, ആർദ്രതയില്ലാത്ത വിജയങ്ങൾ. സ്വന്തം ആത്മാവിനെ പണയം വെച്ച് അയാൾ പടുത്തുയർത്തിയതൊന്നും ഇന്ന് കൂടെയില്ല. ഓരോ പൈസയും അയാളുടെ ഹൃദയത്തെ കല്ലുപോലെ കടുപ്പമേറിയതാക്കിയിരുന്നു. ഒടുവിൽ പ്രകൃതി തന്നെ അയാളെ ജീവിതത്തിന്റെ പരുക്കൻ യാഥാർത്ഥ്യത്തിലേക്ക് വലിച്ചെറിഞ്ഞു.

അയാൾ പെട്ടെന്ന് എഴുന്നേറ്റു. തന്റെ വിലകൂടിയ ബ്രാൻഡഡ് കോട്ടും ഷൂസും ആ മണൽപ്പരപ്പിൽ ഊരിയെറിഞ്ഞു. ഒരു കാലത്ത് അഭിമാനത്തോടെ ധരിച്ചിരുന്ന ആ വസ്ത്രങ്ങൾ ഇപ്പോൾ അയാൾക്ക് തന്റെ പാപങ്ങളുടെ ഭാരമായി തോന്നി. അയാൾ തിരിഞ്ഞു നടന്നു. കടലിന്റെ ആഴങ്ങളിലേക്കല്ല, മറിച്ച് തന്റെ പഴയ ഗ്രാമത്തിലേക്ക്. മരിക്കാനല്ല, മറിച്ച് തന്റെ വേരുകൾ എവിടെയായിരുന്നു എന്ന് തിരിച്ചറിയാൻ. ആ നടത്തത്തിൽ ഒരു നിശ്ചയദാർഢ്യമുണ്ടായിരുന്നു. കടൽ പിന്നിലേക്ക് വലിയുകയായിരുന്നു. മുക്കുവൻ അയാളെ നോക്കി തന്റെ വഞ്ചിയിലേക്ക് തിരിഞ്ഞു. മരണത്തിന്റെ തീരത്ത് നിന്ന് അയാൾ ജീവിതത്തിന്റെ വഴിയിലേക്ക് കാൽവെച്ചു.

ദിവസങ്ങൾ നീണ്ട യാത്രയ്ക്കൊടുവിൽ അവൻ ആ പഴയ പള്ളി മുറ്റത്തെത്തി. നഗരത്തിലെ കോലാഹലങ്ങളില്ലാത്ത, ശാന്തമായ ഇടം. വർഷങ്ങൾക്കിപ്പുറം ഗ്രാമം കുറെ മാറിയിരുന്നെങ്കിലും പള്ളിമുറ്റത്തെ ആ വലിയ മരം ഇപ്പോഴും പഴയപടി നില്പുണ്ട്. അവിടെ കല്ലറകൾക്കിടയിൽ തന്റെ അമ്മയുടെ കുഴിമാടം അവൻ കണ്ടെത്തി. പുല്ലുപിടിച്ച ആ കല്ലറയ്ക്ക് മുന്നിൽ ജോർജ്ജ് മുട്ടുകുത്തി വീണു. പണ്ട് അൾത്താരയിൽ പ്രാർത്ഥിച്ചിരുന്നതുപോലെ കൈകൾ കൂപ്പി അവൻ പൊട്ടിക്കരഞ്ഞു. അൾത്താരയിൽ നിന്ന് ഒഴുകിവന്ന കുന്തിരിക്കത്തിന്റെ ഗന്ധവും ദൂരെയുള്ള പ്രാർത്ഥനകളും അവനെ പഴയ ആ കൊച്ചു ബാലനാക്കി മാറ്റി. ഹൃദയം നുറുങ്ങിയ ഒരു മകനായി അവൻ അവിടെ ഇരുന്നു. മാപ്പപേക്ഷിക്കാൻ പോലും അർഹതയില്ലാത്ത തന്നോട് അമ്മ ക്ഷമിക്കുമെന്ന് അയാൾ കരുതി



ആകാശത്ത് അപ്പോൾ നക്ഷത്രങ്ങൾ തെളിഞ്ഞു തുടങ്ങിയിരുന്നു. അപ്പന്റെയും അമ്മയുടെയും സാമീപ്യം ആ കാറ്റിൽ അയാൾ അനുഭവിച്ചു. ലോകം അവനെ തോൽപ്പിച്ചിരിക്കാം, ബിസിനസ്സ് സാമ്രാജ്യങ്ങൾ തകർന്നിരിക്കാം, പക്ഷേ അമ്മയുടെ ചാരെ, ആ പഴയ ദൈവത്തിന്റെ സന്നിധിയിൽ താൻ തോറ്റിട്ടില്ലെന്ന് അവന് തോന്നി. പണത്തിന്റെ അളവുകോലുകൾ ഇല്ലാത്ത ആ ഇടം അയാൾക്ക് സമാധാനം നൽകി. ആ പള്ളിമുറ്റത്തെ തണുത്ത കാറ്റ് ഒരു തലോടലായി അവന്റെ മുടിയിഴകളിൽ പടർന്നു. വഴിതെറ്റിയ മകൻ തിരികെ എത്തിയിരിക്കുന്നു. ജീവിതം തുടങ്ങേണ്ടത് നഗരത്തിലെ ആഡംബരങ്ങളിലല്ല, മറിച്ച് ഈ ശാന്തതയിലാണെന്ന് അവൻ മനസ്സിലാക്കി. മുറിഞ്ഞ ഹൃദയവുമായി നിൽക്കുന്നവനെ ചേർത്തുപിടിക്കുന്ന ഈ ഇടമാണ് എന്റെ തട്ടകം എന്ന് അയാൾ തിരിച്ചറിഞ്ഞു.

ഓരോ പള്ളിമണി മുഴക്കവും അവനോട് വിളിച്ചു പറഞ്ഞു, "നീ ഒറ്റയ്ക്കല്ല." ഇരുട്ടു നിറഞ്ഞ ജീവിതത്തിലേക്ക് ഒരു പുതിയ പ്രകാശത്തിന്റെ കിരണം കടന്നു വരുന്നത് പോലെ അയാൾക്ക് തോന്നി. പരാജയപ്പെട്ടത് ജോർജ്ജ് എന്ന വ്യവസായിയാണ്, പക്ഷേ വിജയിച്ചത് ജോർജ്ജ് എന്ന മനുഷ്യനാണ്. ഇനി ബാക്കിയുള്ള ജീവിതം മറ്റുള്ളവർക്കായി, ഒരു നന്മയായി ജീവിക്കാൻ അയാൾ തീരുമാനിച്ചു. ദൂരെയുള്ള പ്രാർത്ഥനകളുടെ ഈണം അയാൾക്ക് ചുറ്റും ഒരു സംരക്ഷണ കവചമായി മാറി. വഴിവിളക്കുകൾ തെളിഞ്ഞപ്പോൾ, പള്ളിയമ്പലത്തിന്റെ തിരുമുറ്റത്ത് ആ മകൻ പുതിയൊരു മനുഷ്യനായി പരിണമിച്ചു.





Sara Maria Nixon

The Unforeseen Samaritan

‘Another day of school, another day in Hell.’ Beverly thought to herself as she stepped inside the classroom. Deep down, however, a stubborn part of her silently hoped that at least one day would be normal. Yet, she knew it was merely wishful thinking; each day felt like a thread being tugged tighter and tighter, fraying a little more every time. She automatically moved towards her desk, not bothering to slow down or make eye contact with anyone around.

And regrettably, she was proven correct yet again.

Beverly paused in front of her desk, staring down quietly at her textbooks and notebooks scattered across it; scratched down roughly with a pen till the pages tore, vandalized, and defaced with slurs. Everything felt numb for a single moment as she engulfed it all in. The limited world around her was motionless, but her mind was accelerating. Her eyes were locked onto the desecrated pages, reading each individual barb and slur, unable to turn her gaze away. She wanted to yell, to retort, to demand, to say something—anything—but it was futile, for she couldn't mutter a single word. Her body felt too stiff, heavy, and unable to move as her chest tightened.

“Oh? My bad, Beverly. I thought those books belonged to a pig. I really didn't mean to do that.”

A familiar saccharine voice, accompanied by snickering, suddenly pierced through her mind, bringing her back to her senses as she set her sights on an all-too-familiar constant: Nicole. A few students snorted quietly while others slowly stopped conversing to observe. Some looked away in hopes of ignoring it or out of fear of getting involved, believing someone else would interfere. The rest shared guilty glances, yet remained in their seats out of self-preservation. Either way, nobody stepped forward.

Beverly clenched her fists and stepped forward, but as soon as she opened her mouth to speak;

Clunk - Clunk - Clunk
The sound of heels clicking against the wooden floor echoed through the classroom. A teacher was arriving. The class immediately quieted down and sat up straighter instinctively. Beverly, too, swallowed her anger and quickly sat down in her seat, knowing better than to cause a scene. Nicole and her friends shared triumphant smirks with each other as they sat down as well.

The rest of the day passed by in a blur: half-hearted lectures from teachers, borrowed notes, subdued whispers and sniggering from behind, mocking or sympathetic glances, and papers thrown at her desk when the teacher wasn't looking. Either way, most eyes were on her. Beverly didn't bother to open the chits and read what was inside. By the end of the day, she kept her head down low, watching her watch and counting down the minutes till this could all be over.

The second the bell rang, she got up instantly, making a beeline toward the door. The hallways buzzed with activity, but she kept her head down as she navigated through the crowd, ignoring the shoulders that bumped against hers and the laughter that followed.

Outside, the late afternoon atmosphere felt stale, with the sun glaring down at her—too bright. Home didn't sound like a better option either. So, instead of heading toward the gates, she turned and wandered around aimlessly behind the school where, thankfully, there was shade and nobody else.

‘No noise, no Nicole... Just me and the silence,’ Beverly thought to herself. At least, that's what she thought before a tiny pebble suddenly struck her left cheek.

“Ow! What was that—?!” she exclaimed in surprise, rubbing away the sting on her cheek as she turned sharply toward the direction the pebble came from.

There, leaning against the back wall under the shade of the building, was a girl; older, perhaps. She leaned against the concrete with one hand tucked into her pocket, while the other loosely held a book at her side. Her expression was indecipherable as she twiddled another pebble between her fingers.

“Apologies. You looked like you were dissociating. I simply had to make sure that you were alive,” she shrugged dismissively.

“And you seriously believed that throwing a pebble at me was the best option?!” Beverly stormed over to the girl, who casually raised her hands in surrender.

“And you responded, didn't you?”

Beverly looked at her incredulously before letting out an irritated huff. “Look, I already have a lot to deal with. Can you just leave me alone?”

“Yeah, it's evident,” the girl replied, snapping her book shut and pushing herself off the wall to move toward Beverly. “I saw what happened today while I was passing by your class. I also keep seeing how you sit alone during the break or when walking home.”

Beverly stepped back to distance herself, crossing her arms. “And why do you care?”

“I don't. Not particularly, at least,” the girl retorted, adjusting her glasses. “But every day, when I witness over forty students continue to watch a student get subjected to unwarranted bullying and do absolutely nothing about it? That is... perturbing.”

Beverly paused, staring up at the girl in surprise, her fists slowly unclenching. She... noticed all of that.

“You... noticed?” Beverly inquired in a disbelieving tone.

“Of course I did. Even a blind man would've noticed. It's just those idiots who chose to ignore it,” the girl responded, letting out a sigh to compose herself. “I'm Cayena. Ninth Grade.”

Beverly looked at her with suspicion before letting her hands fall to her sides. “Beverly.”

“I know,” Cayena replied simply.

Cayena bent down beside the wall and picked up a worn backpack Beverly hadn’t noticed earlier. She unzipped it and pulled out several notebooks bound together with a black elastic band. “Here.”

Beverly stared at them blankly. “What’s this?”

“My old eighth-grade notes.” Cayena held them out casually. “Your books looked unsalvageable.”

Beverly blinked in surprise, hesitating before slowly taking them into her hands. The covers were worn at the corners, and the pages were filled with meticulous handwriting, highlighted formulas, and occasional irritated scribbles in the margins; some that made her chuckle. One of them read: “Whoever created algebra deserves to be suffering from imbecility.”

Beverly looked down at the notebooks again. Nobody had ever noticed enough to help before. Her grip around the books tightened slightly. “Thanks,” she responded quietly.

Cayena smirked faintly. “You looked all miserable. You undeniably needed them more than I did.”


Beverly let out a small grin. “I suppose I do owe you now. You like ice cream?”

“Not really. I prefer... integrity. Just like how I would pay to see you stand up to that bully of yours,” Cayena huffed.

Beverly shot her a bewildered look at her absurd words before breaking out into quiet laughter. The two began walking toward the school gates in silence.

The evening air was still warm. The school halls still felt cruel and mentally draining, and Nicole would still be there tomorrow... But with Cayena walking alongside her? For the first time in a long while, Beverly felt like she no longer had to face it alone.





A SERAPHIC SIGHT

Tia Jojo

Barely five years on Christmas, cold zephyrs drape the night.
Childlike wonder lifts my gaze, I see a seraphic sight.
The Spirit of the Lord, with its opalescent light, soars across the starlit sky,
Scattering sparks of grace, a beacon shining high.

Eyes glistening with awe, I realised that I witnessed a miracle,
A vision impossible to forget, serene and whimsical.
An avalanche of curious thoughts rushed across my tender mind;
A smile blossomed on my lips, with joy and wonder entwined.

My family and I would gather, our voices intertwined with prayer.
The honey-coloured candles flickered, their amber light lucent in the air.
Prayers cascaded from my lips, I never knew what they meant.
The beads of my rosary shimmered as we all knelt to repent.

I did not care for God, nor did I seek His name.
I sang the hymns, although my voice was deprived of praise and aim.
My head was in the clouds, lost between pride and greed.y last breath leaves me whole.
I was blinded by my vanity, chasing my foolish creed.

As soon as I crossed the threshold of my teenage years,
Tides of melancholy lashed against my wall of fears.
My blissful dreams were obscured by my silent despair.
I lost myself to an artifice of self-doubt's glare.

Childhood was a short-lived reverie,
While my teenage awakening felt like a nightmare's decree.
I kept drowning in my ocean of infinite tears,
Until God revealed to me His love that endears.

He protects me under His wings as I run through His garden of grace.
When my sins veil the way, His mercy is my solace.
In the storm of my chaos, His irenic presence is my calm.
His wisdom ignites hope, dispelling all qualms.

I have bloomed into another self through His guidance.
He strengthened my heart despite the world's defiance.
Now I sing to the Lord with my jubilant soul.
I will glorify His name, until m

The Weight of a Gift



Eva Lynil

One Sunday afternoon, four friends—Tessa, Jane, Steve, and Daniel—were walking back home after Sunday school. As they were walking, Jane spotted an orphanage. It looked old and shabby. She said, "Look, there is an old orphanage there. Why don't we go visit it?" They all agreed.

They went in and saw that the kids barely had anything to eat and nothing to play with. The orphans looked happy, but the friends were heartbroken. There was only one lady to attend to the kids.
"May I know who funds your orphanage?" Steve asked the lady.

The lady had tears in her eyes. She replied, "No one. I use my own money. It is difficult, but I manage."
The friends left the place feeling remorseful. "How can we help them? How can we help fund the orphanage?" Tessa asked.

Daniel had an idea. "How about we ask the church for help?"
"They could, but the church cannot fund themselves and the orphanage at the same time," Steve said sadly.

There was silence. It was broken by Jane, who said, "What if we hold a fundraiser? The proceeds can be given to the orphanage! We could hold a carnival!"

Everyone agreed that it was a brilliant idea, but then Tessa spoke, "That's an amazing idea, but we need some help from someone who can make this possible."

At once, they all had the same thought. So, they ran back to the church. The priest, after listening to their idea, agreed to help them hold a carnival in the neighbourhood.

They went back home and shared their idea with their parents, who helped the kids plan and organize it. The church announced that the carnival was a charity event and that all the proceeds would go to the orphanage. Many people volunteered to put up stalls, including the four friends, who set up a cookie stall.



Finally, the day of the carnival arrived. Everyone was happy and cheerful. Both adults and kids had put up stalls for snacks, games, toys, and handicrafts. People had set up special attractions, including a small theatre and even a haunted house. Others squatted down offering small services; even fortune-telling (well, it was all fun with no intention other than to engage the crowd), nail painting, and face painting. A few others were walking around selling balloons of different shapes and tying balloons into different figures, which quite delighted the young children. Some older children were holding small competitions and little bets. The day was a mix of sun and clouds; the perfect weather for a carnival. People were walking around; some were eating, while others were playing games. The children in the haunted house were screaming with fright. There was a small carousel for the kids to ride in, and they were laughing with joy.

Tessa, Jane, Steve, and Daniel were busy selling cookies at their own stall. They were selling a variety of delicious cookies to a group of excited children. As the kids were leaving the stall, Daniel said, "We've got a lot of money. The carnival must have been a success."
"Well, the carnival is coming to an end. I hope the proceeds are enough to fund the orphanage for at least a month," Jane said hopefully.

When the carnival ended, all the people who had put up stalls and sold goods gathered around the priest, who announced that the event had been a great success. Everyone cheered and put all the money they had earned into a big box.

The priest smiled and said, "This fundraiser was the idea of four children—Tessa, Jane, Steve, and Daniel—who " felt the need to help those in need." The four friends smiled. He continued, "Come, let us go to the orphanage and give the caretaker the money.
So, they all went to the old orphanage. The priest knocked on the door, and the lady whom the kids had met opened it. She was surprised to see so many people at the door. The priest smiled, told her everything, and added that she must thank the four children, for it was entirely their idea.

The children in the orphanage were so happy to have something better to eat at last and new toys to play with. They looked overjoyed as they thanked everyone heartily.

When they all left the orphanage, everyone felt light-hearted and happy, especially the four friends who had taken up the responsibility to help. They had not only realised the importance of working as a community, but also the true meaning of love.

It was a day of meaning for everyone. They realised that working together as a community for the betterment of others brought happiness not only to oneself, but also to those around them. When we help those around us, both the helper and the receiver are filled with gratitude and joy. This is the true meaning of helping others with genuine love.

"Dear children, let us not love with words or speech, but with actions and in truth."
—1 John 3:18



പ്രത്യാശ

അതിജീവനത്തിന്റെ സുവിശേഷം

മനുഷ്യജീവിതത്തിന്റെ മരുഭൂമിയാത്രയിൽ തളരാതെ മുന്നോട്ടു നയിക്കുന്ന നിത്യഹരിതമായ ചാലകശക്തിയാണ് പ്രത്യാശ. കേവലമായ ഭാവനാ സങ്കല്പങ്ങൾക്കും ശുഭാപ്തിവിശ്വാസങ്ങൾക്കും അപ്പുറം പ്രത്യാശ എന്നത്, ദൈവത്തിന്റെ അചഞ്ചലമായ വാഗ്ദാനങ്ങളിൽ അടിയുറച്ച ആത്മീയ ബോധ്യമാണ്. അന്ധകാരാവൃതമായ ഭൗതിക സാഹചര്യങ്ങളിൽ ദൈവിക വെളിച്ചത്തെ ദർശിക്കാനുള്ള ആത്മാവിന്റെ ഉൾക്കണ്ണാണത്. ഇതിനെയാണ് നാം അതിജീവനത്തിന്റെ സുവിശേഷം എന്ന് വിശേഷിപ്പിക്കുന്നത്. വിശുദ്ധ പൗലോസ് ശ്ലീഹാ റോമാക്കാർക്ക് എഴുതിയ ലേഖനത്തിൽ ഇപ്രകാരം ഓർമ്മിപ്പിക്കുന്നു: "ആ



Rini Antony



പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല. കാരണം, നമുക്കു നൽകപ്പെട്ടിട്ടുള്ള പരിശുദ്ധാത്മാവിലൂടെ ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്ക് ചൊരിയപ്പെട്ടിരിക്കുന്നു." (റോമാ 5:5). ഈ വചനം അടിവരയിടുന്നതുപോലെ, ഹൃദയത്തിൽ പ്രത്യാശയുടെ കനൽ കെടാതെ സൂക്ഷിക്കുന്നവനെ പരാജയപ്പെടുത്താൻ ലോകത്തിലെ ഒരു ശക്തിക്കും സാധ്യമല്ല. വിശുദ്ധ ബൈബിളിന്റെ ഏടുകളിൽ നാം കണ്ടുമുട്ടുന്ന ഓരോ കഥാപാത്രവും പ്രത്യാശയുടെയും അതിജീവനത്തിന്റെയും ജീവസ്മാരകങ്ങളാണ്.

വിശ്വാസികളുടെ പിതാവായ അബ്രാഹാമിന്റെ ജീവിതം അസാധ്യമായ സാഹചര്യങ്ങളിൽ പ്രത്യാശ എങ്ങനെ കവചമാകുന്നു എന്നതിന്റെ ഉത്തമ ഉദാഹരണമാണ്. ജൈവശാസ്ത്രപരമായ പരിമിതികൾക്ക് മുൻപിൽ സാധ്യതകളുടെ വാതിലുകൾ കൊട്ടിയടയ്ക്കപ്പെട്ടപ്പോഴും, അസാധ്യമായതിനെ സാധ്യമാക്കുന്ന ഒരു ദൈവിക വാഗ്ദാനത്തിൽ അദ്ദേഹം നങ്കൂരമിട്ടു. വാർദ്ധക്യത്തിന്റെ അവശതകൾക്കിടയിലും അബ്രാഹാം പുലർത്തിയ ആ ദൃഢനിശ്ചയം, പ്രത്യാശ എന്നത് ശൂന്യതയിൽ നിന്ന് പുതിയൊരു ചരിത്രം രചിക്കാനുള്ള കരുത്താണെന്ന് നമ്മെ പഠിപ്പിക്കുന്നു

വർഷങ്ങളോളം നീണ്ട വന്ധ്യതയുടെയും പരിഹാസങ്ങളുടെയും നടുവിൽ ഹന്ന പുലർത്തിയ പ്രത്യാശ മൗനമായ പോരാട്ടമായിരുന്നു. ദൈവാലയത്തിന്റെ ഉമ്മറപ്പടിയിൽ കണ്ണുനീരോടെ അവൾ അർപ്പിച്ച പ്രാർത്ഥന, പ്രത്യാശ എന്നത് ദൈവസന്നിധിയിലെ വിട്ടുവീഴ്ചയില്ലാത്ത കാത്തിരിപ്പാണെന്ന് നമ്മെ പഠിപ്പിക്കുന്നു. സാമുവൽ എന്ന മകനിലൂടെ ആ പ്രത്യാശയ്ക്ക് ദൈവം മറുപടി നൽകി.

മരുഭൂമിയിലെ അനിശ്ചിതത്വങ്ങളിലൂടെ സഞ്ചരിച്ച ഇസ്രായേൽ ജനതയുടെ ചരിത്രം പ്രത്യാശയുടെ മറ്റൊരു വശം വെളിപ്പെടുത്തുന്നു. അടിമത്തത്തിന്റെ കയ്പേറിയ ഓർമ്മകളും വാഗ്ദത്തഭൂമിയെക്കുറിച്ചുള്ള അനിശ്ചിതത്വവും അവരെ വേട്ടയാടി. ആ നാൽപ്പത് വർഷങ്ങൾ കാത്തിരിപ്പിന്റെ കഠിനകാലമായിരുന്നു. മരുഭൂമിയിലെ വിശപ്പിന്റെയും ദാഹത്തിന്റെയും നിമിഷങ്ങളിൽ ദൈവം അവർക്ക് തണലായി മാറി. ആകാശത്തുനിന്ന് പൊഴിഞ്ഞ മന്നയും കാറ്റിലടിച്ചുവന്ന കാടപ്പക്ഷികളും വെറുമൊരു ആഹാരമായിരുന്നില്ല; മറിച്ച്, നാളെയെക്കുറിച്ച് ആകുലപ്പെടേണ്ടതില്ല എന്ന ദൈവിക ഉറപ്പായിരുന്നു. പാറയിൽ നിന്ന് വെള്ളം പുറപ്പെടുവിച്ച് ദാഹം തീർത്ത ദൈവം, വരണ്ട ജീവിതസാഹചര്യങ്ങളിലും അനുഗ്രഹത്തിന്റെ ഉറവകൾ പൊട്ടിയൊഴുകുമെന്ന് നമ്മെ പഠിപ്പിക്കുന്നു. ആ യാത്രയിൽ അവർ തനിച്ചായിരുന്നില്ല. പകൽ വെയിലിൽ തളരാതിരിക്കാൻ മേഘസ്തംഭമായും, രാത്രിയിലെ ഇരുട്ടിലും തണുപ്പിലും വഴികാട്ടാൻ അഗ്നിസ്തംഭമായും ദൈവം കൂടെയുണ്ടായിരുന്നു. ലക്ഷ്യസ്ഥാനമായ കാനാൻ ദേശത്തെക്കുറിച്ചുള്ള പ്രത്യാശ ഇല്ലായിരുന്നുവെങ്കിൽ, മരുഭൂമിയിലെ ഈ കഷ്ടപ്പാടുകൾ അവർക്ക് അതിജീവിക്കാൻ കഴിയുമായിരുന്നില്ല. "കർത്താവിൽ പ്രത്യാശ വയ്ക്കുന്നവർ പുതിയ ശക്തി പ്രാപിക്കും; അവർ കഴുകന്മാരെപ്പോലെ ചിറകടിച്ചുയരും. അവർ ഓടിയാലും തളരുകയില്ല; നടന്നാൽ ക്ലേശിക്കുകയുമില്ല." (**ഏശയ്യാ** 40:31) എന്ന വചനം അന്വർത്ഥമാക്കുന്നതായിരുന്നു അവരുടെ പ്രയാണം.


ഇതേ കാത്തിരിപ്പിന്റെ ഫലം അനുഗ്രഹമാണെന്ന് യൗസേപ്പിന്റെ ജീവിതവും നമ്മെ ഓർമ്മിപ്പിക്കുന്നു. സഹോദരങ്ങളാൽ ഒറ്റിക്കൊടുക്കപ്പെട്ടതും, കുഴിയിലും പിന്നീട് വിസ്മൃതിയിലാണ്ടുപോയ തടവറയിലും കഴിയേണ്ടിവന്നതും യൗസേപ്പിന്റെ സ്വപ്നങ്ങളെ തളർത്തിയില്ല. വിപത്തുകളെ ദൈവഹിതത്തിന്റെ ഭാഗമായി കാണാൻ പ്രത്യാശ അവനെ പ്രാപ്തനാക്കി. അടിമത്തത്തിന്റെ ചങ്ങലക്കെട്ടുകളെ ഈജിപ്തിന്റെ സിംഹാസനത്തിലേക്കുള്ള ചവിട്ടുപടികളായി മാറ്റിയ യൗസേപ്പിന്റെ ചരിത്രം, ദൈവം കൂടെയുണ്ടെങ്കിൽ ഇരുളടഞ്ഞ തടവറകളും മഹത്തായൊരു നിയോഗത്തിന്റെ പണിപ്പുരകളാണെന്ന് നമുക്ക് കാട്ടിത്തരുന്നു.

മാനുഷികമായ ബലഹീനതകൾ പ്രത്യാശയ്ക്ക് തടസ്സമല്ല എന്നതിന് വലിയൊരു സാക്ഷ്യമാണ് മോശയുടെ ജീവിതം. സംസാരിക്കാൻ പ്രയാസപ്പെട്ടിരുന്ന മോശയ്ക്ക് ഒരു മഹാജനതയെ നയിക്കാൻ കഴിഞ്ഞത്, "കർത്താവാണ് എന്റെ ശക്തിയും എന്റെ ഗീതവും; അവിടുന്നാണ് എന്റെ രക്ഷകൻ." (**പുറപ്പാട്** 15:2) എന്ന ബോധ്യത്തിൽ നിന്നാണ്. നമ്മുടെ കുറവുകളെ ദൈവം തന്റെ മഹത്വത്തിനായി ഉപയോഗിക്കുമെന്ന പ്രത്യാശയാണ് ഏതൊരു സാധാരണക്കാരനെയും അസാധാരണമായ നേട്ടങ്ങളിലേക്ക് നയിക്കുന്നത്. "എന്റെ കൃപ നിനക്കുമതി; എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു." (2 **കോറിന്തോസ്** 12:9) എന്ന് തിരുവചനം സാക്ഷ്യപ്പെടുത്തുന്നു.

ഇതേ പ്രത്യാശയുടെ മറ്റൊരു വശമാണ് നാം ദാവീദിൽ കാണുന്നത്. ഭീമാകാരമായ പ്രതിസന്ധികൾക്ക് മുന്നിൽ പതറാത്ത പ്രത്യാശയുടെ പ്രതീകമാണ് ദാവീദ്. ഇസ്രായേൽ സൈന്യം മുഴുവൻ ഭയന്നുവിറച്ചു നിന്ന ഗോലിയാത്ത് എന്ന മഹാശക്തിക്ക് മുന്നിൽ, വെറുമൊരു ഇടയബാലനായിരുന്ന ദാവീദ് ഇറങ്ങിച്ചെന്നത് സ്വന്തം കായികബലത്തിലല്ല,

ഇതേ പ്രത്യാശയുടെ മറ്റൊരു വശമാണ് നാം ദാവീദിൽ കാണുന്നത്. ഭീമാകാരമായ പ്രതിസന്ധികൾക്ക് മുന്നിൽ പതറാത്ത പ്രത്യാശയുടെ പ്രതീകമാണ് ദാവീദ്. ഇസ്രായേൽ സൈന്യം മുഴുവൻ ഭയന്നുവിറച്ചു നിന്ന ഗോലിയാത്ത് എന്ന മഹാശക്തിക്ക് മുന്നിൽ, വെറുമൊരു ഇടയബാലനായിരുന്ന ദാവീദ് ഇറങ്ങിച്ചെന്നത് സ്വന്തം കായികബലത്തിലല്ല, മറിച്ച് ദൈവത്തിലുള്ള അചഞ്ചലമായ പ്രത്യാശയിലാണ്. "നീ വാളും കുന്തവും പരിചയുമായി എന്റെ നേരെ വരുന്നു. ഞാനോ നീ പരിഹസിച്ച ഇസ്രായേൽ സേനകളുടെ ദൈവമായ സൈന്യങ്ങളുടെ കർത്താവിന്റെ നാമത്തിൽ നിന്റെ നേരെ വരുന്നു." (1 **സാമുവേൽ** 17:45) എന്ന ദാവീദിന്റെ പ്രഖ്യാപനം, പ്രത്യാശ എന്നത് സാഹചര്യങ്ങളുടെ വലിപ്പത്തെക്കാൾ നമ്മോടൊപ്പമുള്ളവന്റെ വലിപ്പത്തിൽ വിശ്വസിക്കലാണെന്ന് ലോകത്തിന് കാണിച്ചുകൊടുത്തു

ജീവിതം എപ്പോഴും ആനന്ദകരമായ വാഗ്ദാനങ്ങൾ മാത്രമല്ല നൽകുന്നത്. ചിലപ്പോൾ അത് ഇയോബിനെപ്പോലെ ചാരത്തിലിരുന്ന് വിലാപങ്ങൾ ഏറ്റുവാങ്ങേണ്ടി വരുന്ന അഗ്നിപരീക്ഷണങ്ങളുമാകാം. സർവ്വവും നഷ്ടപ്പെട്ട്, ശരീരത്തിൽ രോഗം പടർന്ന്, പ്രിയപ്പെട്ടവരാൽ നിന്ദിക്കപ്പെട്ടപ്പോഴും ഇയോബ് തന്റെ ദൈവത്തിലുള്ള പ്രത്യാശ ഉപേക്ഷിച്ചില്ല. വേദനയുടെയും കഷ്ടപ്പാടിന്റെയും നടുവിൽ ഇരുന്ന്, "എന്റെ രക്ഷകൻ ജീവിക്കുന്നുവെന്നും അവസാനം അവിടുന്ന് ഭൂമിയിൽ എഴുന്നേറ്റു നിൽക്കുമെന്നും ഞാൻ അറിയുന്നു." (**ഇയോബ്** 19:25) എന്ന് പ്രഖ്യാപിക്കാൻ കഴിഞ്ഞ ഇയോബിന്റെ മനക്കരുത്ത്, തകർച്ചയുടെ ആഴങ്ങളിൽ നിന്ന് എങ്ങനെ ഉയർത്തെഴുന്നേൽക്കാം എന്നതിന്റെ മഹനീയമായ പാഠമാണ്.



പ്രതികൂല സാഹചര്യങ്ങളിലും പതറാത്ത പ്രത്യാശയുടെ മറ്റൊരു ഉജ്ജ്വല സ്മാരകമാണ് ദാനിയേൽ പ്രവാചകൻ. അധികാരത്തിന്റെ ഹുങ്കും മരണഭയവും മുട്ടുമടക്കാൻ നിർബന്ധിച്ചപ്പോഴും, തന്റെ ദൈവത്തിലുള്ള പ്രത്യാശ കൈവിടാതെ ദാനിയേൽ സിംഹക്കുഴിയിലേക്ക് നടന്നിറങ്ങി. ഭയാനകമായ ആ സാഹചര്യത്തിൽ സിംഹങ്ങളുടെ വായ് അടച്ചുപൂട്ടിയത് ദാനിയേലിന്റെ പ്രാർത്ഥനയും അചഞ്ചലമായ വിശ്വാസവുമായിരുന്നു. ലോകം ഒരു വഴി അവസാനിച്ചു എന്ന് കരുതുന്നിടത്ത് ദൈവം പുതിയൊരു വാതിൽ തുറക്കുമെന്ന പ്രത്യാശയാണ് ദാനിയേലിന്റെ ജീവിതം നമുക്ക് നൽകുന്ന പാഠം.

പന്ത്രണ്ട് വർഷത്തെ രോഗാവസ്ഥയും സാമ്പത്തിക തകർച്ചയും കൊണ്ട് തളർന്ന രക്തസ്രാവം ബാധിച്ച സ്ത്രീയുടെ ഉള്ളിലെ പ്രത്യാശ ഒരു ചെറിയ ചിന്തയായിരുന്നു: "അവന്റെ വസ്ത്രത്തിന്റെ തുമ്പിലൊന്ന് തൊട്ടാൽ മാത്രം മതി." ജനക്കൂട്ടത്തിന്റെ തിക്കിലും തിരക്കിലും ആ പ്രത്യാശ അവളെ ക്രിസ്തുവിനടുത്തെത്തിച്ചു. അസാധ്യമായ രോഗസൗഖ്യങ്ങൾ പ്രത്യാശയുടെ ഒരു ചെറിയ സ്പർശനത്തിലൂടെ സാധ്യമാകുമെന്ന് ഈ അനുഭവം സാക്ഷ്യപ്പെടുത്തുന്നു.

പ്രത്യാശയുടെ ആത്മീയതയിൽ പത്രോസിന്റെ ഗലീലക്കടലിലെ അനുഭവം ശ്രദ്ധേയമാണ്. ഈശോയെ നോക്കി വള്ളത്തിൽ നിന്ന് ഇറങ്ങിയ പത്രോസ് ഒരു വേള വെള്ളത്തിന് മീതെ നടന്നു, പക്ഷേ ഈശോയിൽ നിന്ന് കണ്ണെടുത്ത് പ്രശ്നങ്ങളുടെ കടലാഴങ്ങളിലേക്ക് നോക്കിയപ്പോൾ ഭയന്നു വിറച്ചു. സാഹചര്യങ്ങളുടെ തീവ്രതയേക്കാൾ നമ്മുടെ നോട്ടം എവിടേക്കാണ് എന്നതിലാണ് അതിജീവനത്തിന്റെ രഹസ്യം.

ഈ ഗാഥയുടെ മകുടോദാഹരണമാണ് മറിയം. തന്റെ ഹൃദയത്തിലൂടെ വാൾ തുളച്ചുകയറുമെന്ന് പ്രവചിക്കപ്പെട്ട നിമിഷം മുതൽ കുരിശിൻ ചുവട്ടിലെ നിശ്ശബ്ദമായ നിൽപ്പ് വരെ നീളുന്ന മറിയത്തിന്റെ ഏഴ് വ്യാകുലങ്ങൾ വെറും സങ്കടങ്ങളല്ല, മറിച്ച് സഹനത്തിന്മേലുള്ള വിശ്വാസത്തിന്റെ വിജയമാണ്. ലോകത്തിന്റെ യുക്തികൾക്കും നിയമങ്ങൾക്കും മുൻപിൽ പകച്ചുനിൽക്കാതെ ദൈവത്തിന്റെ വാക്കിന് പരമമായ വില കൽപ്പിച്ചുകൊണ്ട് മറിയം ചൊല്ലിയ ആ "ആമേൻ" പ്രത്യാശയുടെ വിപ്ലവാത്മകമായ പ്രഖ്യാപനമാണ്. നമ്മുടെ കഷ്ടപ്പാടുകളുടെ തീവ്രതയല്ല, മറിച്ച് നമ്മുടെ ലക്ഷ്യസ്ഥാനത്തിന്റെ മഹത്വമാണ് നമ്മെ മുന്നോട്ട് നയിക്കേണ്ടത്.

മനുഷ്യചരിത്രത്തിലെ പ്രത്യാശയുടെ ഏറ്റവും വലിയ വിളംബരമാണ് ക്രിസ്തുവിന്റെ കുരിശുമരണവും ഉത്ഥാനവും. കുരിശിലെ സഹനങ്ങളിൽ എല്ലാം അവസാനിച്ചു എന്ന് ലോകം കരുതിയപ്പോൾ, മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റ ക്രിസ്തു നമുക്ക് പകർന്നു നൽകിയത് മരണത്തെപ്പോലും തോൽപ്പിക്കുന്ന പ്രത്യാശയാണ്. വിതയ്ക്കപ്പെട്ട വിത്ത് മണ്ണിനടിയിൽ അഴുകുന്നത് ഒരു അവസാനമല്ല, മറിച്ച് ഒരു പുതുജീവന്റെ ഉദയമാണെന്ന് ഉത്ഥാനം നമ്മെ ഓർമ്മിപ്പിക്കുന്നു.



ഈ തിരുവചന ചരിത്രങ്ങൾ വെറും പുരാതന കഥകളല്ല, മറിച്ച് എന്റെ വ്യക്തിപരമായ ജീവിതത്തിന്റെ ഇരുളടഞ്ഞ ഇടനാഴികളിൽ എന്നെ വഴിനയിച്ച പ്രകാശഗോപുരങ്ങളാണ്. എന്റെ അതിജീവനത്തിന്റെ ആധാരശിലയായി ഞാൻ വിശ്വസിക്കുന്ന പ്രധാന കാര്യങ്ങൾ ഇവയാണ്: ഒന്നാമതായി, എന്റെ ജീവിതത്തിൽ സംഭവിക്കുന്നതൊന്നും ദൈവത്തിന്റെ അറിവോ സമ്മതമോ ഇല്ലാതെ സംഭവിക്കുന്നില്ല എന്ന ഉറച്ച ബോധ്യം എനിക്കുണ്ട്. രണ്ടാമതായി, സർവ്വശക്തനായ ദൈവത്തിന് അസാധ്യമായി ഒന്നുമില്ലെന്ന അചഞ്ചലമായ വിശ്വാസമാണ് ഏത് പ്രതിസന്ധിയിലും എനിക്ക് കവചമായി മാറുന്നത്. മൂന്നാമതായി, എന്നെ ശക്തനാക്കുന്നവനിലൂടെ എനിക്കെല്ലാം ചെയ്യാൻ കഴിയുമെന്ന വിശ്വാസം ബുദ്ധിമുട്ടുകളെ തരണം ചെയ്യാൻ എന്നെ സഹായിക്കുന്നു. നാലാമതായി, പീഡാനുഭവങ്ങളുടെ ഓരോ ദുഃഖവെള്ളിയാഴ്ചകളും നമുക്ക് സമ്മാനിക്കുന്നത് ഉയിർപ്പിന്റെ വലിയ ഞായറാഴ്ചകളാണെന്ന തിരിച്ചറിവ് എനിക്ക് വലിയ പ്രത്യാശ നൽകുന്നു. അഞ്ചാമതായി, ആകുലതകളുടെ വേലിയേറ്റങ്ങളിൽ എന്റെ മനസ്സ് ഇടറുമ്പോൾ, ഭൂതകാലത്തിൽ ദൈവം എനിക്ക് വേണ്ടി ചെയ്ത അത്ഭുതങ്ങളുടെ ഓർമ്മകൾ ഒരു കുളിർകാറ്റായി എന്നെ തലോടുകയും ധൈര്യം പകരുകയും ചെയ്യുന്നു.



അപ്രതീക്ഷിതമായി കടന്നുവരുന്ന രോഗപീഡകളും, സാമ്പത്തിക അടിത്തറ തകർക്കുന്ന ജോലിനഷ്ടവും, കഠിനാധ്വാനം ചെയ്തിട്ടും അഭിമുഖീകരിക്കേണ്ടി വരുന്ന പരാജയങ്ങളും വേദനജനകമായ പോരായ്മകളും പരിമിതികളും ഇന്ന് പലരെയും നിരാശയുടെ അഗാധത്തിലേക്ക് തള്ളിയിടാറുണ്ട്. ലക്ഷ്യങ്ങൾ പാതിവഴിയിൽ തകരുമ്പോഴും, പ്രതീക്ഷിച്ച വിജയങ്ങൾ കൈപ്പിടിയിൽ ഒതുങ്ങാതെ പോകുമ്പോഴും നാം തളർന്നുപോയേക്കാം. **"ഇതും കടന്നുപോകും"** എന്ന പ്രത്യാശാനിർഭരമായ വിശ്വാസം ഓരോ പരാജയത്തെയും പുതിയൊരു തുടക്കമായി കാണാനുള്ള കരുത്താണ്. സാഹചര്യങ്ങൾ എത്ര കഠിനമായാലും പ്രത്യാശ കൈവിടുന്ന നിമിഷമാണ് മനുഷ്യൻ പരാജയപ്പെടുന്നത്. പ്രത്യാശയുള്ളിടത്തോളം കാലം മനുഷ്യൻ അജയ്യനായി തുടരും. മരണത്തിന്റെ നിഴൽ വീണ താഴ്വരകളിലും പുതുജീവന്റെ പുലരികൾ ദർശിക്കാൻ ഈ "അതിജീവനത്തിന്റെ സുവിശേഷം" നമുക്ക് പ്രചോദനമാകട്ടെ.



ELVINA SAJI
Class 8



ST. VINCENT DE PAUL SOCIETY

At the St. Vincent de Paul Society, we are dedicated to uplifting our neighbors and sharing compassion where it is needed most. Thanks to the generosity of our members and patrons. Here is how your support has helped us make a difference:

Onam Payasam Sale for a Cause:
To mark the festival of Onam, our volunteers prepared and sold delicious payasam. Also sold Banana chips. Thanks to everyone who purchased , 100% of the proceeds went directly toward our charity programs.



Educational Support:
We assist students from low-income families by covering their academic fees, paving the way for a brighter future. Beyond financial relief, we offer mentorship and encouragement .

Medical Expense Relief:
Unexpected illness can create an overwhelming financial burden. We help vulnerable community members to cover their medical bills, ensuring they get the care they need without sacrificing basic necessities.

Heart-to-Heart Home Visits:
Our members regularly visit local homes to offer personal support, meaningful companionship, and practical help

Ration Kit Drives:
Distributing essential grocery packages—including rice, pulses, and pantry staples—to families facing severe food insecurity.

With your support, we will keep working hand-in-hand to ensure no neighbor in our community ever walks alone.





SSVP MANDYA HULIMAVU

TID: 82005867

Vyapar.173705598804@hdfcbank

Santhome Mathruvedhi

Santhome Mathruvedhi Annual Day – A Celebration of Togetherness and Achievement

Santhome Mathruvedhi celebrated its Annual Day on July 19 with great joy and enthusiasm. The programme was graced by executives from the Diocese and Forane levels, along with other distinguished guests.

A special highlight was the felicitation of the grandparents of Santhome Mathruvedhi. Nearly 50 grandparents were present and honoured with gratitude for their valuable contributions to the family and community. The occasion also recognised the winners of various competitions and the mothers who actively contributed to the activities and initiatives of Mathruvedhi throughout the year.

The annual report of Santhome Mathruvedhi, highlighting the activities and achievements of the past year, was presented during the programme. The event also featured a variety of cultural programmes, showcasing the talents of our members. It was a memorable occasion of appreciation, fellowship, and celebration for the Santhome Mathruvedhi family.





Annual Day – St. Thomas Forane Church, Dharmanaram | 25 July
Santhome Mathruvedhi proudly participated in the First Annual Day conducted by St. Thomas Forane Church, Dharmanaram. Our Mother, Mrs. Rosa, along with Mrs. Jessy Joy, gave an exemplary performance in the cultural programme, which was highly appreciated by everyone.

We were delighted to celebrate the achievements of our members in various competitions:

Essay Writing: Santhome Mathruvedhi secured the First and Second Prizes, won by Sheeja Tomzee and Rini Antony.
Chavara Quiz: Sheeja Tomzee and Maria James secured the Second Prize.
Last Supper Video Competition: Santhome Mathruvedhi won the First Prize and Cash Award.
Vanakkamasam Song Competition: Santhome Mathruvedhi also secured the First Prize and Cash Award.
These achievements reflect the dedication, talent, and active participation of our members.



Santhome Pithruvedi

Highlights & Achievements

Santhome Pithruvedi – Continuing the Journey Together

Santhome Pithruvedi continues its commitment to the spiritual, social, cultural and overall welfare of the parish community, taking forward several initiatives based on the priorities discussed during the General Body meeting.

Mathayichetende Chayakkada – More Than Just a Cup of Tea

"Mathayichetende Chayakkada", the Pithruvedi Tea Corner operated after the 9:00 AM Holy Mass on Sundays, has received an encouraging response. An existing parish trolley was creatively converted into a counter and storage facility, with a Samovar and other utensils arranged for preparing and serving tea and refreshments. Pithruvedi members actively manage the preparation and service. Beyond refreshments, Chayakkada has become a space for fellowship, informal conversations and meaningful interaction, reflecting the camaraderie and brotherhood among members.



Malayalam Classes – Preserving Our Language and Heritage

In collaboration with the Malayalam Mission, Malayalam classes for children and adults commenced in July. Three volunteer teachers have completed orientation and training through the Malayalam Mission. With 20 students currently registered, classes are held every Sunday from 12:00 noon to 1:00 PM after Sunday Classes. Through stories, poems, literature and cultural learning, the initiative aims to connect the younger generation with their mother tongue, traditions and cultural roots. More parish families are encouraged to make use of this opportunity and help keep Malayalam alive for the next generation.



Holy Land Pilgrimage – A Journey of Faith
The 12-day Holy Land Pilgrimage planned for October is progressing as scheduled, with 75 confirmed pilgrims. Pithruvedi continues to encourage interested parishioners to join this blessed journey.

Fellowship Beyond the Parish
A two-day fellowship trip to a suitable destination is also being planned to provide Pithruvedi members an opportunity to spend time together, build relationships and strengthen their bonds.

Supporting Families and Young People
The growing concern regarding late marriages within our community has been discussed in various meetings, with members sharing their views and concerns. As a constructive response, Pithruvedi is planning a programme involving a subject matter expert for young people and parents. The programme will offer practical guidance and encourage a healthy understanding of marriage, relationships and family life.

Strengthening Our Diocesan Connection
Pithruvedi executive members participated in the Central Committee meeting at St. Joseph's Church, Kalkere, along with executive representatives from various Pithruvedi units under the Mandya Diocese. The meeting provided an opportunity to share experiences, discuss common challenges and explore initiatives to strengthen Pithruvedi activities across parishes.

Moving Forward Together
The strength of Pithruvedi lies in the participation, ideas and service of its members. Through fellowship, cultural initiatives, pilgrimages, community support and programmes addressing the needs of families and youth, we remain committed to responding to the evolving needs of our parish.

With the continued support and participation of our parishioners, Santhome Pithruvedi looks forward to building a stronger, more connected and caring parish community through faith, fellowship and service.

Ageless Inspiration

Highlights & Achievements

വാർഷിക പ്രവർത്തന റിപ്പോർട്ട്

സൗഹൃദവും സ്നേഹവും പരസ്പര കരുതലും ഊട്ടിയുറപ്പിച്ചുകൊണ്ട്, അംഗങ്ങളുടെ സജീവ പങ്കാളിത്തത്തോടെ വിവിധ പ്രവർത്തനങ്ങളുമായി **Ageless Inspiration** മുന്നോട്ടുപോകുന്നു. അംഗങ്ങൾ തമ്മിലുള്ള ഐക്യവും സൗഹൃദവും ശക്തിപ്പെടുത്തുന്നതിനൊപ്പം, സമൂഹത്തോടുള്ള ഉത്തരവാദിത്വവും പങ്കുവെക്കലും പ്രോത്സാഹിപ്പിക്കുന്ന നിരവധി പ്രവർത്തനങ്ങൾ ഈ കാലയളവിൽ നടത്താൻ സാധിച്ചു.



പ്രവർത്തനങ്ങൾ

- 13.06.2026-ന് നമ്മുടെ വാർഷികാഘോഷം സാന്തോം പാരിഷ് ഹാളിൽ വെച്ച് നടത്തി.
- അൽവേർണ ഭവനിലെ അന്തേവാസികളെ സന്ദർശിച്ച് ഉച്ചഭക്ഷണം നൽകുകയും അവരോടൊപ്പം സമയം പങ്കിടുകയും ചെയ്തു.
- 80 വയസ്സിനു മുകളിലുള്ള അംഗങ്ങളുടെ വിവാഹവാർഷികം, ജന്മദിനം തുടങ്ങിയ വിശേഷദിവസങ്ങളിൽ അവരെ സന്ദർശിച്ച് ആശംസകൾ അറിയിച്ചുവരുന്നു.
- ഓണം, ഈസ്റ്റർ, ക്രിസ്മസ് തുടങ്ങിയ ആഘോഷങ്ങളും പള്ളിയിലെ വിവിധ കലാപരിപാടികളും വളരെ ഭംഗിയായി നടത്തിവരുന്നു. ഇതിനായി ഏജ്ലസ് ഗ്രൂപ്പുകൾ വളരെ ഊർജസ്വലമായി പ്രവർത്തിക്കുന്നു.
- നമ്മുടെ യോഗങ്ങൾ മെറിലാക് കോൺവെന്റിൽ വെച്ച് നടത്തിവരുന്നു.
- പുതിയ അംഗങ്ങളെ കൂട്ടിച്ചേർക്കുന്നതിനായി മേഖലാ പ്രതിനിധികളെ തെരഞ്ഞെടുത്ത് പ്രവർത്തനം ആരംഭിച്ചു.

- കുടുംബ ഡോക്ടർമാരുടെ നേതൃത്വത്തിൽ, ഡോ. ഷിജിയുടെ നേതൃത്വത്തിൽ രണ്ടുമാസത്തിലൊരിക്കൽ നടത്തിവരുന്ന യോഗങ്ങൾ അംഗങ്ങൾക്ക് സൗഹൃദം പങ്കുവെക്കാനും പരസ്പരം അടുത്തറിയാനും സഹായകമായി. ഈ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ച ഫാ. ബേബി തോമസ്, മോദിസ് ഗ്രേസി, പ്രസിഡന്റ് ശ്രീ. കെ. കെ. മണി, വൈസ് പ്രസിഡന്റ് ശ്രീമതി സെലിൻ സ്കറിയ, സെക്രട്ടറി ശ്രീമതി റോസ സി. പി., ജോയിന്റ് സെക്രട്ടറി ശ്രീ. എം. ജെ. ജോസഫ്, ട്രഷറർ ശ്രീ. സൈമൺ തോമസ് എന്നിവരുടെ കൂട്ടായ സംരംഭവും പിന്തുണയും ഏറെ സഹായകമായി.








SANTHOME CHURCH

CONNECT GROW SERVE

Elevate your business within our community.



Specifications:

Artwork format: PDF / JPEG / PNG (High Resolution)

Payment mode: Cash / UPI / Bank Transfer

Ad material to be sent to: santhome.bulletin@gmail.com

Circulation strength:

Approximately 500 families reached through the church community WhatsApp group and website.

Business Advertising Rates & Tariff

Parishioners

Full Page
(210 mm x 297 mm) ₹ 2,000/-

Half Page
(210 mm x 148 mm) ₹ 1,500/-

Non-Parishioners


Full Page
(210 mm x 297 mm) ₹ 3,000/-

Contact details:
Ajesh Tom Joseph-97399 86659

Visite Now:
www.santhomechurchbangalore.com

My Lord & My God

SANTHOME CHURCH



SANTHOME CHURCH

HULIMAVU, BANGALORE

Thank You